**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3710** **09-10-2025 - ൽ മറുപടിയ്ക്ക്**

**കൈപ്പാട് കൃഷിരീതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. രമ** | | **ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ഏതെല്ലാം പ്രദേശങ്ങളിലാണ് കൈപ്പാട് കൃഷി രീതി പിന്തുടർന്നു വരുന്നത്; ആകെ എത്ര ഏക്കർ സ്ഥലത്താണ് ഈ കൃഷിരീതി നിലവിലുള്ളത്; | (എ) | **സംസ്ഥാനത്ത് കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ കൈപ്പാട് കൃഷി രീതി പിന്തുടർന്നു വരുന്നു. ഏകദേശം 3648 ഹെക്ടറുകളോളം കൃഷിഭൂമിയിൽ ഈ കൃഷി രീതി നിലവിലുണ്ട്.** |
| (ബി) | വടകര നിയോജക മണ്ഡലത്തിലെ ഏറാമല പഞ്ചായത്തിൽ 17 ഏക്കർ സ്ഥലത്ത് കൈപ്പാട് കൃഷി നടപ്പാക്കിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | ഉണ്ട്. |
| (സി) | ഈ കൃഷിരീതിയുടെ ഗുണദോഷങ്ങൾ സംബന്ധിച്ച് സർക്കാർ ആധികാരിക പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | വേലിയേറ്റത്തെയും വേലിയിറക്കത്തെയും ആശ്രയിച്ച് ഓരുജലത്തിൽ ചെയ്തുവരുന്ന ജൈവ കൃഷിയാണ് കൈപ്പാട് കൃഷി. 2000 മുതൽ കേരള കാർഷിക സർവകലാശാല വിത്ത് ഇന വികസനവുമായി ബന്ധപെട്ടു പരീക്ഷണം നടത്തുകയും, അതിന്റെ ഭാഗമായ 5 ഇനങ്ങളായ ഏഴോം 1, ഏഴോം 2, ഏഴോം 3, ഏഴോം 4, മിഥില എന്നിവ ഈ മേഖലയ്ക്കായി വികസിപ്പിച്ചെടുത്തിട്ടുണ്ട്. കേരള കാർഷിക സർവകലാശാല പദ്ധതി പ്രകാരം***മലബാർ കൈപ്പാട് ഫാർമേഴ്സ് സൊസൈറ്റി*** രൂപീകരിക്കുകയും കൈപ്പാട് ഇനങ്ങളുടെ അരിക്ക് 2014ൽ ഭൗമസൂചിക പദവി നേടിക്കൊടുക്കൊടുക്കുകയും ചെയ്തു. പിന്നീട് ***റീബിൽഡ് കേരള ഇനിഷിയേറ്റിവ് പദ്ധതി***യിൽ കേരള കാർഷിക സർവകലാശാലയുടെ ഉത്തരമേഖല കാർഷികഗവേഷണ കേന്ദ്രം 2020 ൽ ആരംഭിച്ച പദ്ധതിയിൽ ***ഭൗമസൂചിക പദവി നേടിയ കൈപ്പാട് അരിയിൽ*** നിന്ന് വിവിധ ***മൂല്യ വർധിത ഉൽപ്പന്നങ്ങൾ*** ഉണ്ടാക്കി വിദേശ മാർക്കറ്റുകളിൽ അടക്കം ആമസോൺഓൺലൈൻ മാർക്കറ്റ് വഴി വിപണനം നടത്തിവരുന്നുണ്ട്. കാർഷിക സർവകലാശാലയുടെ ഈ പദ്ധതിയിൽ ഒരു |

| | | | |
|---|---|---|---|
| | | | ഗവേഷണ വികസന കേന്ദ്രം കണ്ണൂർ ജില്ലയിലെ പട്ടുവം പഞ്ചായത്തിൽ പണി പുരോഗമിച്ചു കൊണ്ടിരിക്കുന്നു. നാച്ചുറൽ ഫാർമിംഗ് ട്രാക്കിൽ പെട്ടതാണ് ഈ കൈപ്പാട് ഭൂമി . ICAR ന്റെ പ്രധാന തീം നാച്ചുറൽ ഫാർമിംഗ് ആണ്. |
| (ഡി) | ഈ കൃഷി രീതി കൊണ്ടുള്ള ഗുണങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ; | (ഡി) | തീരദേശ നെൽകൃഷി ഭൂമിയായ കൈപ്പാട് ഭക്ഷ്യസുരക്ഷയിൽ എന്നപോലെതന്നെ പോഷകാഹാര സുരക്ഷയിലും, അതോടൊപ്പം തന്നെ വലിയൊരു ജലസംഭരണിയുമായി പ്രവർത്തിക്കുന്നു. കൈപ്പാട് അരിക്കു ഭൗമസൂചിക പദവി ലഭിച്ചതിനാൽ വിദേശ മാർക്കറ്റുകളിൽ അടക്കം വില്പന നടത്താം. ഇതിലൂടെ കർഷകരുടെ ജീവിത നിലവാരവും ഉയർത്താൻ സാധിക്കും. |
| (ഇ) | കൈപ്പാട് കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുക; വിശദമാക്കുമോ; | (ഇ) | കൈപ്പാട് കൃഷി വികസിപ്പിക്കുന്നതിനായി 2019ൽ ***കൈപ്പാട് ഏരിയ ഡെവലപ്മെൻറ് സൊസൈറ്റി*** കൃഷിവകുപ്പ് മന്ത്രി ചെയർമാനായി രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാർ നടപ്പിലാക്കി വരുന്ന നെൽകൃഷി വികസന പദ്ധതിയുടെ കീഴിൽ *"**പ്രത്യേക നെല്ലിനങ്ങളുടെ കൃഷി**"* എന്ന ഘടകത്തിൽ ഉൾപ്പെടുത്തി കൈപ്പാട് കൃഷിക്ക് ഹെക്ടറിന് 10000/- രൂപ എന്ന കണക്കിൽ ധനസഹായം നൽകി വരുന്നു.കൂടാതെ കൈപ്പാട് കൃഷിക്കായി ***ജനകീയാസൂത്രണ പദ്ധതി*** പ്രകാരവും ധനസഹായം നൽകുന്നുണ്ട്. കാസർഗോഡ്, കണ്ണൂർ, കോഴിക്കോട് എന്നീ മൂന്ന് ജില്ലകളിലായി വ്യാപിച്ചുകിടക്കുന്ന കൈപ്പാട് കർഷകരുടെ കൂട്ടായ്മയായ മലബാർ കൈപ്പാട് ഫാർമേഴ്സ് സൊസൈറ്റിക്ക് കൃഷി വകുപ്പിലെ സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ് കൺസോർഷ്യം (എസ്.എഫ്.എ.സി)യുടെ കീഴിൽ കമ്പനിയായി രജിസ്റ്റർ ചെയ്ത് ഫാർമർ പ്രൊഡ്യൂസർ കമ്പനി (എഫ്.പി.സി) യുള്ള ആനുകൂല്യം നൽകി വരുന്നു. കൈപ്പാട് കർഷകരുടെ ഉന്നമനത്തിനായി ഈ സൊസൈറ്റി നെല്ല് പൂർണമായും സംഭരിച്ച് മൂല്യവർധിത ഉത്പന്നങ്ങളാക്കി വിപണിയിൽ എത്തിക്കുകയും നെൽവിത്ത് സംഭരിച്ച് ആവശ്യകത അനുസരിച്ച് കർഷകരിൽ എത്തിക്കുകയും ചെയ്യുന്നു. |
| (എഫ്) | ഈ കൃഷിരീതി പ്രോത്സാഹിപ്പിക്കുന്നതിനായി ധനസഹായം ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ; വിശദമാക്കുമോ? | (എഫ്) | കൈപ്പാട് കൃഷി വികസിപ്പിക്കുന്നതിനായി 2019ൽ ***കൈപ്പാട് ഏരിയ ഡെവലപ്മെൻറ് സൊസൈറ്റി*** കൃഷിവകുപ്പ് മന്ത്രി ചെയർമാനായി രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാർ നടപ്പിലാക്കി വരുന്ന നെൽകൃഷി വികസന പദ്ധതിയുടെ കീഴിൽ *"**പ്രത്യേക നെല്ലിനങ്ങളുടെ കൃഷി**"* എന്ന ഘടകത്തിൽ ഉൾപ്പെടുത്തി കൈപ്പാട് കൃഷിക്ക് ഹെക്ടറിന് 10000/- |

| | | | |
|---|---|---|---|
| | | | രൂപ എന്ന കണക്കിൽ ധനസഹായം നൽകി വരുന്നു.കൂടാതെ കൈപ്പാട് കൃഷിക്കായി ***ജനകീയാസൂത്രണ പദ്ധതി*** പ്രകാരവും ധനസഹായം നൽകുന്നുണ്ട്. കാസർഗോഡ്, കണ്ണൂർ, കോഴിക്കോട് എന്നീ മൂന്ന് ജില്ലകളിലായി വ്യാപിച്ചുകിടക്കുന്ന കൈപ്പാട് കർഷകരുടെ കൂട്ടായ്മയായ മലബാർ കൈപ്പാട് ഫാർമേഴ്സ് സൊസൈറ്റിക്ക് കൃഷി വകുപ്പിലെ സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ് കൺസോർഷ്യം (എസ്.എഫ്.എ.സി)യുടെ കീഴിൽ കമ്പനിയായി രജിസ്റ്റർ ചെയ്ത് ഫാർമർ പ്രൊഡ്യൂസർ കമ്പനി (എഫ്.പി.സി) യ്ക്കുള്ള ആനുകൂല്യം നൽകി വരുന്നു. കൈപ്പാട് കർഷകരുടെ ഉന്നമനത്തിനായി ഈ സൊസൈറ്റി നെല്ല് പൂർണമായും സംഭരിച്ച് മൂല്യവർധിത ഉത്പന്നങ്ങളാക്കി വിപണിയിൽ എത്തിക്കുകയും നെൽവിത്ത് സംഭരിച്ച് ആവശ്യകത അനുസരിച്ച് കർഷകരിൽ എത്തിക്കുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ